**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 137** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ .</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പുനലൂർ താലൂക്ക് ആശുപത്രി ജനറൽ ആശുപത്രി പദവിയിലേക്ക് ഉയർത്തണമെന്ന ജനങ്ങളുടെ ദീർഘകാലമായുള്ള ആവശ്യവും അത് സംബന്ധിച്ച ജനപ്രതിനിധികൾ നൽകിയിട്ടുള്ള നിവേദനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സുപ്രധാനമായ ഈ ആവശ്യം പരിഗണിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി എല്ലാ ആരോഗ്യസ്ഥാപനങ്ങളെയും ഘട്ടം ഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതിനാണ് മുൻതൂക്കം നൽകി വരുന്നത്. ആയതിന്റെ ഭാഗമായി പുനലൂർ താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു ജില്ലയിൽ ഒരു ജില്ലാ /ജനറൽ ആശുപത്രിയും ഒരു താലൂക്കിൽ ഒരു താലൂക്ക്തല ആശുപത്രിയും എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ നിന്ന് കൊല്ലം ജില്ലാ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുനലൂർ താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**(ബി)** പാവപ്പെട്ട ആദിവാസി ജനവിഭാഗങ്ങൾക്കും തോട്ടം തൊഴിലാളികൾക്കും മലയോര കർഷകർക്കും ആശ്രയമായ പുനലൂർ താലൂക്ക് ആശുപത്രി ജനറൽ ആശുപത്രി പദവിയിലേക്ക് ഉയർത്തി ആവശ്യമായ ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസങ്ങളുണ്ടോ; എങ്കിൽ പ്രസ്തുത തടസങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**